onlineBU.com

**NS – 141**

**III Semester B.Com./B.B.A./B.H.M. Examination, Nov./Dec. 2016**
**(CBCS) (2015-16 and Onwards) (Freshers and Repeaters)**
**MALAYALAM LANGUAGE (Part – I, Paper – III)**

Time : 3 Hours Max. Marks : 70

I. **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയം, സന്ദർഭം വ്യക്തമാക്കുക). **(4×3=12)**

1) 'തളരാത്തൊരു നീയല്ലോ, ഞങ്ങടെ
ചിരസാധിതയാം സ്വാതന്ത്ര്യത്തിൻ ജീവസുറ്റ പ്രതീകം'

2) ഹൃദയത്തിൻ നടുവിലായ്
തുളയുന്ന മട്ടിലായ്, കയറുവാൻ കനിയാത്തതെന്തേ ?

3) 'ഒടുവിലാ നട ചാരി വേവുന്ന, വയറുമായ്
എവിടെയോ പൂജാരി പോയീ'

4) 'ജലമെടുക്കാനെന്ന മട്ടിൽ, ഞാൻ തിരുമുമ്പി –
ലൊരുനാളുമെത്തിയിട്ടില്ല'

5) 'മദഗാനലഹരികൾ പതഞ്ഞിടുമ്പോൾ, തളർ –
ന്നിടറിവരുമീ നാദമാർക്കോ'

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നരപുറ**ത്തിൽ കവിയാതെ). **(2×6=12)**

1) അമ്പലമണിയുടെ ശോചനീയാവസ്ഥയെ കവയത്രി എങ്ങനെ വർണ്ണിക്കുന്നു ?

2) മനുഷ്യന്റെ സ്വാർത്ഥത വെളിവാക്കുന്ന ഒരു കവിതയാണ് 'മുറിവേറ്റ സിംഹം'. വ്യക്തമാക്കുക.

3) 'കൃഷ്ണ നീയെന്നെയറിയില്ല' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×6=12)**

1) മറിയേടത്തി എന്ന കഥാപാത്രത്തെ വിലയിരുത്തുക.

2) രാച്ചിയമ്മയുടെ ജീവിതം കഥാകാരൻ എങ്ങനെ വർണ്ണിച്ചിരിക്കുന്നു ?

3) 'ജീവിതസാഹചര്യങ്ങൾ ചില സന്ദർഭങ്ങളിൽ നമ്മെ ചതിക്കും' എന്നതിനുദാഹരണമാണ് 'ഒരു മനുഷ്യൻ' വ്യക്തമാക്കുക.

P.T.O.

onlineBU.com



III. **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടരപുറ**ത്തിൽ കവിയാതെ). **(1×14=14)**

1) ഒരു സ്ത്രീയുടെ നിസ്സഹായവസ്ഥയും, അതിനെത്തുടർന്നുണ്ടാകുന്ന മാനസികാവസ്ഥയുടെയും കഥ പറയുന്ന ഒരു കഥയാണ് 'പാപത്തറ'. വ്യക്തമാക്കുക.

2) പ്രാരാബ്ദങ്ങളുടെയിടയിൽപ്പെട്ടുഴലുന്ന ഒരു കർഷകന്റെ യഥാർത്ഥ ജീവിതം വെളിവാക്കുന്ന ഒരു കഥയാണ് 'ശബ്ദിക്കുന്ന കലപ്പ' – പരിശോധിക്കുക.

IV. **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടരപുറ**ത്തിൽ കവിയാതെ). **(1×14=14)**

1) നിഗൂഢമായി കൃഷ്ണനെ ആരാധിക്കുന്ന ഗോപികയുടെ കവിതയാണ് 'കൃഷ്ണ നീയെന്നെയറിയില്ല' എന്ന കവിത വിവരിക്കുക.

2) സ്വതന്ത്ര്യദിനത്തിലെ ആഘോഷങ്ങളെ കവി എങ്ങനെ കാണുന്നു – വിവരിക്കുക.

V. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. 3

വഴിവിളക്കുകളൊന്നുമില്ലാത്ത ഇന്ത്യൻ യുവത്വത്തിന്റെ വർത്തമാനം തികച്ചും ഹതഭാഗ്യം തന്നെ. മുൻതലമുറകൾക്കുണ്ടായിരുന്നതുപോലെ അവർക്ക് ജീവിക്കുന്ന മാതൃകാപുരുഷന്മാരില്ല – അരവിന്ദനും ഗാന്ധിയുമില്ല, ബോസും, നെഹ്റുവുമില്ല. അധ്യാപനത്തിൽ ആവേശമോ താല്പര്യമെങ്കിലുമോ ഉള്ള അധ്യാപകരുടെ എണ്ണവും കുറഞ്ഞു തന്നെ വരുന്നു. അച്ഛനമ്മമാർ കുഞ്ഞുങ്ങളെ കാണുന്നത് പരീക്ഷകളിലെ പന്തയക്കുതിരകളായാണ്. പാഠപുസ്തകങ്ങളാകട്ടെ ശുഷ്കമായ ഭൗതകികവിജ്ഞാനീയത്തിന്റെ ഭാരിച്ച ചുമടുകൾ മാത്രവും. നന്മയുടേയും ജീവിതസൗന്ദര്യത്തിന്റേയും മുത്തുകൾ മനസ്സിൽ പതിപ്പിക്കുവാൻ ഉതകുന്ന ഒരു മൂല്യബോധനക്രമവും വിദ്യാഭ്യാസ പദ്ധതിയുടെ അജണ്ടയിലില്ല. ഈ മരുഭൂമിയിൽ നിന്നുമാണ് ഇന്ത്യൻ യുവത്വത്തെ കച്ചവട സിനിമയുടെ കിരാതകൗശലം റാഞ്ചി കൊണ്ടു പോകുന്നത്. അധ്യാപന രംഗത്തുള്ളവരിൽ ഭൂരിഭാഗത്തേയും അപേക്ഷിച്ചു നോക്കുമ്പോൾ പതിൻമടങ്ങ് അധ്വാനിക്കുന്നവരുമാണ് സിനിമാനിർമ്മാണ രംഗത്തുള്ളത് എന്ന് സമ്മതിക്കാതെയും വയ്യ. സിദ്ധിയും സാധനയും അധമവികാരങ്ങളുടെ ചെളിയിളക്കുവാനാണ് പ്രായേണ ഉപയോഗിക്കപ്പെടുന്നത് എന്ന് മാത്രം.

VI. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു കവിയെക്കുറിച്ച് എഴുതുക. 3

---